## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *237 — 15.07.2016 ന് മറുപടിയ്ക്ക്.

### തൊഴിൽ നൈപുണ്യ വികസന അക്കാദമികൾ

**ചോദ്യം**

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. കെ.സി.ജോസഫ് :

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാദമികൾ ആരംഭി ക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശി ച്ചത്; വിശദീകരിക്കുമോ;

(എ) & (ബി) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence)) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I സെന്റർ ഓഫ് എക്സലൻസ്

1. NICE (നെഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
4. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
5. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെൻറ്)

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ദ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)- ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെൻറ് കോഴ്സുകളും മേസണറി, കാർപെൻററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ. ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുവാൻ ആലോചിക്കുന്നു.

. . . 2

III കൗശൽകേന്ദ്രകൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗനിർദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV എംപ്ലോയബിലിറ്റി സെന്ററുകൾ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും, പുറത്തുമായി ചെറുതും, വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

(സി) ഇതു നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

Bindu

സെക്ഷൻ ഓഫീസർ